# ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

**ഹാജർ : യു.വി. ജോസ്. ഐ.എ.എസ്സ്. (റിട്ട.)**

വിഷയം:- ത.സ്വ.ഭ.വ - ശുചിത്വമിഷൻ - ഖരമാലിന്യ (ജൈവം) സംസ്കരണം - മൽസ്യ മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരണം നടത്തുന്നതിലേയ്ക്ക് NPM ASSOCIATES എന്ന ഏജൻസിക്ക് DBOT അടിസ്ഥാനത്തിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-1. 31.12.2014ലെ സ.ഉ (സാധാ) നം. 3508/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.04.2024 ലെ 6482/C4/2023/SM നമ്പർ നടപടിക്രമം

3. 13.08.2018-ൽ ചേർന്ന 9-ാമത് ശുചിത്വമിഷൻ എക്സിക്യൂട്ടീവ്കമ്മിറ്റിയുടെ 3. 6-ാം നമ്പർ തീരുമാനം.

4. 06-03-2024-ലെ 6482/C4/2023/SM നം. താൽപര്യപത്രം.

5. 05.06.2024 തീയതിയിൽ കൂടിയ ശുചിത്വമിഷൻ ടെക്നിക്കൽ കമ്മിറ്റി തീരുമാനം.

നം: 1969/C4/2024/SM തീയതി: 28.06.2024

ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ സേവനം നൽകുന്നതിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി കൂടുതൽ സേവനദാതാക്കളെ തെരഞ്ഞെടുക്കുന്നതിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നതിന് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം ശുചിത്വമിഷന് അനുമതി നൽകി ഉത്തരവായിരുന്നു.

ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ സേവന ദാതാക്കളെ തെരഞ്ഞെടുക്കുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തി അനുയോജ്യരായ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനായി പരാമർശം (2) പ്രകാരം സാങ്കേതിക സമിതി പുനർ രൂപീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. പരാമർശം (3) തീരുമാന പ്രകാരം ഇക്കാര്യത്തിലേയ്ക്ക് രൂപീകരിക്കപ്പെട്ട സാങ്കേതിക സമിതിയുടെ ശുപാർശയിന്മേൽ ഖരമാലിന്യ സംസ്കരണ മേഖലയിലെ സേവന ദാതാക്കളെ എംപാനൽ ചെയ്യുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

പരാമർശം (4) പ്രകാരം ശുചിത്വ മിഷൻ ഖരമാലിന്യ സംസ്കരണ (ജൈവം) പദ്ധതികൾ നടപ്പിലാക്കുന്നതിന് വിവിധ ടെക്നോളജി/ പ്ലാൻ്റുകൾ സ്ഥാപിക്കുന്നതിന് യോഗ്യരായ ഏജൻസികളെ എംപാനൽ ചെയ്യുന്നതിനുള്ള താൽപര്യപത്രം (EoI) ക്ഷണിച്ചിരുന്നു. ആയത് പ്രകാരം NPM ASSOCIATES എന്ന ഏജൻസി അപേക്ഷ സമർപ്പിച്ചിരുന്നു.

പരാമർശം (5) പ്രകാരം ചേർന്ന ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി

യോഗത്തിൽ NPM ASSOCIATES എന്ന ഏജൻസി സമർപ്പിച്ച അപേക്ഷ പരിശോധിക്കുകയും, ടി ഏജൻസിയുടെ ടെക്നിക്കൽ പ്രസന്റേഷൻ വിലയിരുത്തുകയും നേരിൽ വിശദാംശങ്ങൾ ആരായുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഏജൻസിയെ മൽസ്യ മാലിന്യ ശേഖരണവും ശാസ്ത്രീയ സംസ്കരണത്തിനും എംപാനൽ ചെയ്യുന്നതിന് സാങ്കേതിക സമിതി നിർദ്ദേശിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, ശുചിത്വ മിഷൻ സാങ്കേതിക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (5) തീരുമാനത്തിന് വിധേയമായി ചുവടെ പട്ടികയിൽ പറയും പ്രകാരമുള്ള NPM ASSOCIATES 14/72, Firoz Manzil, Kechery P.O Thrissur, Kerala - 680501 എന്ന ഏജൻസിക്ക് ശുചിത്വ മിഷന്റെ അംഗീകൃത സേവനദാതാവായി ബന്ധപ്പെട്ട മേഖലയിൽ ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി ഏജൻസിയുടെ സേവന കാലാവധി ഈ ഉത്തരവ് തീയതി മുതൽ മൂന്ന് വർഷത്തേയ്ക്ക് ആയിരിക്കും.

| Name of Agency | Area Recommended |
|---|---|
| NPM Associates,<br>14/72, Firoz Manzil, Kechery P.O Thrissur, Kerala -680501,<br>Ph : 9656021212,<br>Email : npmassociates2019@gmail.com | Empanelled as prospective investor for the collection and processing of fish waste (Converted into fish meal for Aquatic/ Poultry feed) in DBOT mode |

**നിബന്ധനകൾ**

1. ശുചിത്വ മിഷൻ നിർദ്ദേശിച്ചിട്ടുള്ള മാലിന്യ ശേഖരണ പ്രോട്ടോക്കോൾ പാലിച്ചായിരിക്കണം മത്സ്യ മാലിന്യ ശേഖരണം നടത്തേണ്ടത്.
2. ഈ അംഗീകാരത്തിന്റെ കാലാവധി ഉത്തരവ് തീയതി മുതൽ മൂന്ന് വർഷത്തേക്കായിരിക്കും. ആയതിന് ശേഷം യോഗ്യതാ നിർണയം നടത്തി അംഗീകാരം പുതുക്കി നൽകുന്നതാണ്.
3. സേവനദാതാക്കൾ എല്ലാ വർഷവും ഏപ്രിൽ 30-ന് മുമ്പായി തങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓഡർ), വാർഷിക ഓഡിറ്റഡ് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് എന്നിവ ശുചിത്വമിഷനിൽ ലഭ്യമാക്കേണ്ടതാണ്.
4. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചു വേണം സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നൽകേണ്ടത്.

5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ അതാത് മേഖലകളിലുള്ള എല്ലാ സേവനദാതാക്കൾക്കും തങ്ങളുടെ ഓഫർ നൽകുവാൻ അവസരം നൽകുന്ന രീതിയിൽ രേഖാമൂലമുള്ള അറിയിപ്പുകൾ നൽകേണ്ടതാണ്. ടെൻഡർ നടപടിക്രമങ്ങളിൽ പങ്കെടുത്തുകൊണ്ട് മാത്രമേ സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി ഏറ്റെടുക്കുവാൻ പാടുള്ളൂ.
6. എംപാനൽ ചെയ്യപ്പെടുന്ന ഏജൻസി, അംഗീകാരം ലഭിക്കുന്നതിനായി ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ച പ്രോസസ്സ് ഫ്ലോ പ്രകാരം പ്ലാൻ്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കേണ്ടതും, കേന്ദ്ര മലിനീകരണ നിയന്ത്ര ബോർഡിൻ്റെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ള സംസ്കരണ സംവിധാനങ്ങൾ ഉറപ്പു വരുത്തി, സോളിഡ് വേസ്റ്റ് മാനേജ്മെൻ്റ് റൂൾസ്, 2016 (കാലാകാലങ്ങളിൽ ഭേദഗതി വരുത്തുന്നത്) പ്രകാരമുള്ള സ്റ്റാൻ്റേർഡ്സ് പാലിക്കേണ്ടതുമാണ്.
7. നിലവിലെ മാലിന്യ ശേഖരണ- സംസ്കരണവുമായി ബന്ധപ്പെട്ട എല്ലാ ഉത്തരവുകളും പാലിച്ചുമാത്രമേ മത്സ്യമാലിന്യം ഷോപ്പ്, മാർക്കറ്റ് മുതലായ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുവാൻ പാടുള്ളൂ.
8. ഏജൻസി സ്ഥാപിച്ചിട്ടുള്ള പ്ലാന്റ് മൂലം അന്തരീക്ഷ മലിനീകരണം ഉണ്ടാകാതിരിക്കുന്നതിലേക്ക്, ആവശ്യമായ മുൻകരുതലുകൾ എടുക്കേണ്ടതും, അടിക്കടിയുള്ള പരിശോധന നടത്തി ആയത് ഉറപ്പുവരുത്തേണ്ടതുമാണ്.
9. സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം അവരവർക്ക് അംഗീകാരം നൽകിയിട്ടുള്ള സേവന മേഖലയിൽ മാത്രമേ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ പാടുള്ളൂ.
10. കമ്മ്യൂണിറ്റിതല ഉപാധികൾ നിലവിലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 (കാലാകാലങ്ങളിൽ ഭേദഗതി വരുത്തുന്നത്) പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് മാത്രമേ സ്ഥാപിക്കുവാൻ പാടുള്ളൂ. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതികൾ നേടിയ ശേഷം മാത്രമേ ടി പ്ലാന്റുകൾ സ്ഥാപിക്കുവാൻ പാടുള്ളൂ.
11. സേവനദാതാക്കളെക്കുറിച്ച് എന്തെങ്കിലും പരാതികൾ പൊതുജനങ്ങളിൽ നിന്നോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉണ്ടാകുന്ന പക്ഷം ശുചിത്വമിഷൻ അത് ഗൗരവമായി കണ്ട് മേൽ നടപടി കൈക്കൊള്ളുന്നതാണ്.
12. മാലിന്യ ശേഖരിക്കുമ്പോഴും, മാലിന്യ സംസ്കരണ പ്ലാൻ്റ് പ്രവർത്തിക്കുമ്പോഴും പരിസരത്ത് ഈച്ച, കൊതുക്, ലീച്ചേറ്റ് എന്നിവ മൂലം പരിസര മലിനീകരണം ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
13. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി കമ്മ്യൂണിറ്റിതല ഉപാധികൾ സ്ഥാപിക്കുമ്പോൾ പ്രസ്തുത സ്ഥാപനം ആവശ്യപ്പെടുന്ന പക്ഷം നിർബന്ധമായും ടി പ്ലാൻ്റിൻ്റെ തുടർ പ്രവൃത്തി പരിപാലനം (നിരക്ക് സംബന്ധിച്ച് കരാറിലേർപ്പെട്ട്) 3 വർഷം എങ്കിലും ഉറപ്പ് വരുത്തേണ്ടതും, ആയതിന് ശേഷം വർഷത്തിൽ ഒരിക്കൽ നിർബന്ധമായും അവർ സ്ഥാപിക്കുന്ന മാലിന്യ സംസ്ക്കരണ ഉപാധികൾ/ പ്ലാന്റുകൾ

പരിശോധിച്ച് പ്രവർത്തനക്ഷമത ഉറപ്പാക്കേണ്ടതും, ആവശ്യമെങ്കിൽ അറ്റകുറ്റപ്പണി ചെയ്ത് നവീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രൊപ്പോസൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്.

14. സേവന ദാതാക്കൾ അവർ ഏറ്റെടുക്കുന്ന (സ്ഥാപിക്കുന്ന) പ്രവൃത്തി സംബന്ധിച്ച വിശദവിവരങ്ങൾ (പ്രോജക്ടിന്റെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓർഡർ), ഗുണഭോക്താക്കളുടെ വിവരം, പ്രോജക്ട് ലൊക്കേഷൻ, പ്ലാന്റിന്റെ കപ്പാസിറ്റി എന്നിവ) നിർബന്ധമായും രജിസ്റ്റർചെയ്ത് സൂക്ഷിക്കേണ്ടതും, ആവശ്യപ്പെടുന്ന പക്ഷം ശുചിത്വമിഷനിൽ ഹാജരാക്കേണ്ടതുമാണ്.
15. സേവന ദാതാക്കൾ മേൽ പറഞ്ഞ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതും അല്ലാത്തപക്ഷം, ടി സേവനദാതാക്കളുടെ അംഗീകാരം റദ്ദ് ചെയ്യുന്നതിന് ശുചിത്വമിഷന് അധികാരമുണ്ടായിരിക്കുന്നതുമാണ്.
16. സർക്കാർ/ ശുചിത്വമിഷൻ നടത്തുന്ന മാലിന്യ സംസ്കരണ പരിപാടികളിൽ എല്ലാ സേവനദാതാക്കളുടെയും സഹകരണം ഉറപ്പാക്കേണ്ടതാണ്.
17. പദ്ധതി നിർവ്വഹണം മേൽ പറഞ്ഞവയ്ക്ക് വിരുദ്ധമായി കാണുന്ന പക്ഷമോ, ശുചിത്വ മിഷൻ കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായോ യാതൊരു അറിയിപ്പും കൂടാതെ ഏതു സമയത്തും അംഗീകാരം റദ്ദ ചെയ്യുന്നതിന് ശുചിത്വമിഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

Sd/-
U.V Jose IAS (Retd) *
എക്സിക്യൂട്ടീവ് ഡയറക്ടർ

സ്വീകർത്താവ്

ബന്ധപ്പെട്ട ഏജൻസി

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ, (അറിവിലേയ്ക്കായി)
2. ചീഫ്എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
3. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
4. എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന)
5. കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
6. വെബ്സൈറ്റ്, ഓഫീസ്കോപ്പി/കരുതൽ ഫയൽ.

* This is a computer system (Digital File) generated letter. Hence there is no need for a physical signature.